"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് - ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയനായ വെൽഫെയർ അസിസ്റ്റന്റ്, ശ്രീ . എം .എസ് ജയമോഹന് സ്പെഷ്യൽ കാഷൽ ലീവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വ്യവസായ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.8/2024/ID തീയതി,തിരുവനന്തപുരം, 02-02-2024

പരാമർശം:-

1. 28/11/2018-ലെ സ.ഉ.(പി) നം.181/2018/ധന. നം. ഉത്തരവ്
2. ശ്രീ . എം .എസ് ജയമോഹന്റെ 13/2/2023-ലെ അപേക്ഷ
3. ടി.ടി.പി.എൽ മാനേജിംഗ് ഡയറക്ടറുടെ 07/06/2023 -ലെ PL/F/WEL/Spl. Casual Leave/2023 നം.കത്ത്

4.. 18/8/2023-ലെ സ.ഉ.(പി) നം./88/2023/ധന .ഉത്തരവ്

**ഉത്തരവ്**

അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് ഒരു കലണ്ടർ വർഷത്തിൽ 90 ദിവസവും, ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്നവർക്ക് ഒരു കലണ്ടർ വർഷത്തിൽ 45 ദിവസവും കെ.എസ്.ആർ-ലെ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച സ്പെഷ്യൽ കാഷൽ ലീവ് ആനുകൂല്യം പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാർക്ക് കൂടി അതേ വ്യവസ്ഥകൾ പ്രകാരം അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (4) ഉത്തരവ് പ്രകാരം കെ.എസ്.ആർ ബാധകമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ജീവനക്കാർക്കും 45 ദിവസത്തെ സ്പെഷ്യൽ കാഷൽ ലീവ് ആനുകൂല്യം ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ ബാധകമാക്കിയിട്ടുണ്ട്.

2. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ കെ.എസ്.ആർ പ്രകാരമുള്ള ലീവ് റൂൾസ് ബാധകമാക്കിയിട്ടില്ല. കമ്പനിയിലെ വെൽഫയർ അസിസ്റ്റന്റായ ശ്രീ.എം.എസ്.ജയമോഹൻ ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ 02.05.2022-ന് ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയനായതായി ടിടിപിഎൽ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. 23/05/2023-ൽ ചേർന്ന ടിടിപിഎൽ-ന്റെ 432-ാമത് ബോർഡ് യോഗം ഒരു കീഴ്വഴക്കമായി പരിഗണിക്കാത്ത വിധത്തിൽ മാനുഷിക പരിഗണന നല്കി ശ്രീ. എം.എസ്. ജയമോഹന് 45 ദിവസത്തെ സ്പെഷ്യൽ കാഷൽ ലീവ് അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിലേക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു. ശ്രീ.എം.എസ് ജയമോഹന് ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയമായ 02.05.2022 മുതൽ 45 ദിവസത്തെ സ്പെഷ്യൽ കാഷൽ ലീവ് അനുവദിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 02.05.2022-ന് ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയനായ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ വെൽഫയർ അസിസ്റ്റന്റ്, ശ്രീ.എം.എസ്.ജയമോഹന്

പരാമർശം (4) ഉത്തരവിന്റെ പ്രാബല്യത്തീയതി സംബന്ധിച്ച വ്യവസ്ഥയിൽ ഇളവ് നൽകിക്കൊണ്ട് 02.05.2022 മുതൽ 45 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് മാനുഷിക പരിഗണയുടെ അടിസ്ഥാനത്തിൽ ഒരു കീഴ്വഴക്കമാകുവാൻ പാടില്ല എന്ന നിബന്ധനയോടെ, അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുമൻ ബില്ല
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം
ശ്രീ.എം.എസ്. ജയമോഹൻ, വെൽഫെയർ അസിസ്റ്റന്റ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ.&ആർ.എസ്.എ), കേരളം,തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുഭരണ (എസ്.സി. ) വകുപ്പ് (ഇനം നം............... തീയതി ..............)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by AJITHKUMAR A
Date: 03-02-2024 10:37:41
Reason: Approved

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-01-2024

ഫയൽ നം. വ്യവ-എച്ച്3/88/2023/വ്യവ. ഇനം നം: 2032

വിഷയം : വ്യവസായ വകുപ്പ് - ടി.ടി.പി.എൽ. - ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയനായ ടി.ടി.പി.എൽ.-ലെ വെൽഫെയർ അസിസ്റ്റന്റ് ശ്രീ. എം.എസ്. ജയമോഹന് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

1/2/24

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

1/2/24

51

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | വ്യവ.-എച്ച് 3/88/2023-വ്യവ |
| 2 | വകുപ്പ് | വ്യവസായ (എച്ച്) വകുപ്പ് |
| 3 | വിഷയം | വ്യവസായ വകുപ്പ് - ടി.ടി.പി.എൽ - ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയനായ ടി.ടി.പി.എൽ -ലെ വെൽഫെയർ അസിസ്റ്റന്റ് ശ്രീ. എം.എസ്. ജയമോഹന് സ്പെഷ്യൽ കാഷൽ ലീവ് അനുവദിക്കുന്നത്- സംബന്ധിച്ച്, |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06/01/2024 |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | ഇല്ല |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. എം.എ. റജീന ബീഗം |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 24.01.2024 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27.1.24 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 29/01/2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

53

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ (ടിടിപിഎൽ) വെൽഫയർ അസിസ്റ്റന്റായ ശ്രീ.എം.എസ്.ജയമോഹന് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കണമെന്ന ടിടിപിഎൽ മാനേജിംഗ് ഡയറക്ടറുടെ അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്. Pg 24 cf

2. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ (ടിടിപിഎൽ)-ലെ വെൽഫയർ അസിസ്റ്റന്റായ ശ്രീ.എം.എസ്.ജയമോഹൻ, ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ 02.05.2022-ന് ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയനായതായി ടിടിപിഎൽ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് ആയത് സംബന്ധിച്ച് അംഗീകൃത മെഡിക്കൽ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു കലണ്ടർ വർഷത്തിൽ പരമാവധി 45 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് ലഭിക്കുന്നതിന് കേരള സർവ്വീസ് റൂൾസ്, പാർട്ട്-I, അപെന്റിക്സ് VII, സെക്ഷൻ II, റൂൾ 19 പ്രകാരം അർഹതയുണ്ട്. 06.11.2019-ലെ സ.ഉ (പി) നം. 153/2019/ധന ഉത്തരവ് പ്രകാരം മേൽ ആനുകൂല്യം ആൻജിയോപ്ലാസ്റ്റിക്കും ബാധകമാക്കിയിട്ടുണ്ട്. എന്നാൽ ഇവ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബാധകമാണോ എന്നത് ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ല. Pg 24-25 cf. Pg 29 cf Pg 31 cf.

3. 23/05/2023-ൽ ചേർന്ന ടിടിപിഎൽ-ന്റെ 432-ാമത് ഡയറക്ടർ ബോർഡ് യോഗം വെൽഫെയർ അസിസ്റ്റന്റായ ശ്രീ. എം.എസ്. ജയമോഹന് ഒരു കീഴ്വഴക്കമായി പരിഗണിക്കാത്ത വിധത്തിൽ മാനുഷിക പരിഗണന നല്കി 45 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാരിലേക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു. Pg 45 cf

4. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി:-

Flag 'G' "ഹാർട്ട് സർജറി, അവയവമാറ്റിവയ്ക്കൽ എന്നീ ചികിത്സകൾക്ക് എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർക്കും സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ടി.ടി.പി.എൽ മാനേജിംഗ് ഡയറക്ടറുടെ ശിപാർശ

സംബന്ധിച്ച 18/8/2023-ലെ G.O(P)No.88/2023/Fin -ലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഭരണ വകുപ്പ് ഫയൽ മടക്കാവുന്നതാണ്."

5. കെ.എസ്.ആർ ബാധകമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സ്ഥിരം ജീവനക്കാർക്കും 18/8/2023-ലെ സ.ഉ (പി)നം.88/2023/ധന. ഉത്തരവ് പ്രകാരം 45 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് ആനുകൂല്യം ബാധകമാക്കിയിട്ടുണ്ട്.. Pg 474

6. മേൽ സർക്കാർ ഉത്തരവിന് മുൻകാല പ്രാബല്യമില്ലാത്തതിനാൽ ശ്രീ.എം.എസ്.ജയമോഹന് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിനുള്ള ടിടിപിഎൽ മാനേജിംഗ് ഡയറക്ടറുടെ അപേക്ഷയിൻമേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഒരിക്കൽകൂടി ആരായുകയുണ്ടായി.

7. ധനകാര്യ വകുപ്പ്, ചുവടെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി:-

"ടി.ടി.പി.എൽ-ലെ വെൽഫെയർ അസിസ്റ്റന്റ് ശ്രീ. എം.എസ്. ജയമോഹന്റെ ഹൃദയ ശസ്ത്രക്രിയ ഉത്തരവ് തീയതിക്ക് മുൻപുള്ള കാലയളവിൽ ആയതിനാൽ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കാൻ നിർവാഹമില്ല എന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു." Note #257

8. 18/8/2023-ലെ സ.ഉ (പി)നം.88/2023/ധന. ഉത്തരവ് പ്രകാരം കെ.എസ്.ആർ ബാധകമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ജീവനക്കാർക്കും 45 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് ആനുകൂല്യം ബാധകമാക്കിയിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവിന് മുൻകാല പ്രാബല്യമില്ലാത്തതിനാലാണ് 02.05.2022-ന് ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയനായ ശ്രീ.എം.എസ്.ജയമോഹന് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുവാൻ സാധിക്കാതെ വന്നത്. ടി സാഹചര്യത്തിൽ ശ്രീ.എം.എസ്.ജയമോഹന് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിനുള്ള അപേക്ഷ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് 18/08/2023 ലെ ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് നൽകി ഇത് ഒരു കീഴ്വഴക്കം ആകാതെ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ഒരു തീരുമാനം കൈകൊള്ളുന്നത് പരിഗണിക്കാവുന്നതാണ്. Pg 474

9. ഫയൽ ബഹു. വ്യവസായ മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ഉത്തരവായി. Note #409

57

## തീരുമാനിക്കേണ്ട വിഷയം

02.05.2022 ന് ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയനായ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ വെൽഫയർ അസിസ്റ്റന്റ് ശ്രീ. എം.എസ് ജയമോഹന് 18/8/2023-ലെ സ.ഉ. (പി) നം. 88/2023/ധന. ഉത്തരവിന്റെ പ്രാബല്യത്തീയതിയിൽ ഇളവ് നൽകികൊണ്ട് 02/05/2022 മുതൽ 45 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, ഒരു കീഴ്വഴക്കമാകുവാൻ പാടില്ല എന്ന നിബന്ധനയോടെ, ഒരു പ്രത്യേക കേസായി പരിഗണിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കൊണ്ട് അനുവദിച്ച് നൽകാമോ?

Pg 47cf

24/1/2024
24/1/2024
24/1/2024
24/1/24
24/1/24.
24/1/24.
27.1.24.
29/1/24